ഉത്തരം

(എ) തിരുവനന്തപുരം തഹസിൽദാരുടെ 11-11-1983-ലെ ബി3-6779/83, 161283-ലെ ബി3-6780/77 എന്നീ ഉത്തരവുകൾ പ്രകാരം ഏറ്റെടുത്ത മിച്ചഭൂമി 6343-ാം നമ്പർ തണ്ടപ്പേരിൽ നിന്നും കുറവ് എഴുതി പുറമ്പോക്കിൽ ചേർക്കുകയും എന്നാൽ ഒ.എസ്.49/66 നമ്പർ കേസിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.) 680/80/ആർ.ഡി. തീയതി 22-5-1980 പ്രകാരം തിരുവനന്തപുരം തഹസിൽദാർ 3-12-1986-ൽ ബി4-2586/86 ഉത്തരവ് പുറപ്പെടുവിക്കുകയും അതിൽ സർവ്വേ 2153-ൽപ്പെട്ട 1 ഏക്കർ 20 സെന്റ് സ്ഥലം വീണ്ടും നൈനാൻ പണ്ഡിറ്റ് മുതൽ പേരിൽ കൊണ്ടു വരുകയും ചെയ്തു.

(ബി) തണ്ടപ്പേരു പ്രകാരം സർവ്വേ 2153-ൽ ബി-യിലുള്ള 1 ഏക്കർ 20 സെന്റ് വസ്തുവിൽ പട്ടയക്കാരന്റെ കൈവശം 23 സെന്റിനും 26 സെന്റിനും മദ്ധ്യേ വരുന്ന സ്ഥലം മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ 4 സെന്റ് സ്ഥലം ശ്രീമതി പത്മകുമാരി (പുളിയറത്തല ബംഗ്ലാവ്) പേർക്ക് വിലയാധാര പ്രകാരം വിൽക്കുകയും പി.വി. 272/96 പ്രകാരം പോക്കുവരുവ് ചെയ്ത് 11891-ാം നമ്പരായി തണ്ടപ്പേർ പിടിക്കുകയും അത് ജില്ലാ കളക്ടർ ശരിവച്ചിട്ടുള്ളതുമാണ്.

(സി) ഒ.എൽ.സി. 12/97, 76/97 എന്നീ ഉത്തരവുകൾ പ്രകാരം പോക്കുവരവ് ചെയ്തതായി കാണുന്നില്ല. എന്നാൽ പി.വി. 272/96 നമ്പർ പ്രകാരം പോക്കുവരവ് ചെയ്ത് 11891-ാം നമ്പരായി തണ്ടപ്പേർ പിടിക്കുകയും ചെയ്തിട്ടുണ്ട്.

നൂറനാട്, പാലമേൽ വില്ലേജുകളുടെ സ്കെച്ച്

111 [1050] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽപ്പെട്ട നൂറനാട് വില്ലേജിന്റെയും പാലമേൽ വില്ലേജിന്റെയും സ്കെച്ചിന്റെ ഓരോ കോപ്പി ലഭ്യമാക്കുമോ :

(ബി) നൂറനാട് പഞ്ചായത്തിന്റെ ഒരു ചെറിയ ഭാഗം അശാസ്ത്രീയമായി പാലമേൽ വില്ലേജിലേക്ക് ഉൾപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) ഈ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ആരെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നടപടിക്രമമനുസരിച്ച് ഇത്തരം ഭൂപടങ്ങൾ താലൂക്ക് ആഫീസ് മുഖേനയാണ് ലഭ്യമാക്കേണ്ടത്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly